(എഫ്) 2000-2001-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല.

(ജി) 2000-2001 -ലെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കാർഷികോൽപ്പന്നങ്ങളുടെ വിൽപന നികുതി

47 (440) ശ്രീ. കെ. സി. വേണുഗോപാൽ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമാണ് ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഇവയുടെ വിൽപ്പന നികുതിയും പർച്ചേസ് ടാക്സും എത്ര വീതമായിരുന്നു ;

(സി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ ഈ ഉൽപ്പന്നങ്ങളുടെ വില എത്ര വീതമായിരുന്നു ;

(ഡി) ഇപ്പോൾ ഇവയുടെ വില എത്ര വീതമാണ് ?

ഉത്തരം

(എ) സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന പ്രധാന കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതി താഴെ പറയും പ്രകാരമാണ്.

	നെല്ല് 1 ശതമാനം	1-1-2000 മുതൽ സർചാർജ്ജ് ഇല്ല.
	റബ്ബർ 11 ശതമാനം	"
	കാപ്പി 4 ശതമാനം	"
	തേയില 4 ശതമാനം	"
	കശുവണ്ടി 4 ശതമാനം	"
	തേങ്ങ 4 ശതമാനം	"
	അടയ്ക്കാ 4 ശതമാനം	"
	കുരുമുളക് 4 ശതമാനം	"
	ഏലം 4 ശതമാനം	"
(ബി)	നെല്ല് 1.1 ശതമാനം	(സർചാർജ് ഉൾപ്പെടെ)
	റബ്ബർ 11 ശതമാനം	"
	കാപ്പി 8.8 ശതമാനം	"
	തേയില 7.7 ശതമാനം	"
	കശുവണ്ടി 7.7 ശതമാനം	"
	തേങ്ങ 4 ശതമാനം	"
	അടയ്ക്കാ 5.5 ശതമാനം	"

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക് 5.5 ശതമാനം "

ഏലം 3.5 ശതമാനം "

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കാർഷികാദായ നികുതി

48 (441) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്തെ കാർഷികാദായ നികുതിയുടെ തോതെത്രയാണ് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷികാദായ നികുതിയുടെ തോതെത്രയായിരുന്നു ;

(സി) ഇപ്പോൾ കാർഷികാദായ നികുതിയായി ലഭിക്കുന്ന തുകയെത്രയാണ് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കാർഷികാദായ നികുതി പിരിവെത്രയായിരുന്നു ?

ഉത്തരം

(എ)

1. കമ്പനികളും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പാർട്ട്നർഷിപ്പ് ഫേമുകളും ഒഴികെയുള്ള വ്യക്തികൾ താഴെ പറയും പ്രകാരം കാർഷികാദായ നികുതി നൽകേണ്ടതാണ്.

എ. മൊത്തം കാർഷികാദായം 40,000-ൽ കവിയാതെയുള്ളവർക്ക് നികുതിയില്ല.

ബി. കാർഷികാദായം 40,000-നു മുകളിൽ എന്നാൽ 50,000 ൽ കവിയാതെ - നാല്പതിനായിരത്തിന് മുകളിലുള്ള തുകയുടെ 20 ശതമാനം.

സി. കാർഷികാദായം 50,000-ന് മുകളിൽ അറുപതിനായിരത്തിൽ താഴെ - 2000 രൂപയും 50,000-ന് മുകളിലുള്ള തുകയുടെ 30 ശതമാനവും.

ഡി. കാർഷികാദായം 60,000-ന് മുകളിൽ ഒരു ലക്ഷത്തിൽ കവിയാതെ - 5,000 രൂപയും അറുപതിനായിരത്തിന് മുകളിലുള്ള തുകയുടെ 40 ശതമാനം.

ഇ. കാർഷികാദായം ഒരു ലക്ഷത്തിന് മുകളിൽ - 21,000 രൂപയും ഒരു ലക്ഷത്തിന് മുകളിലുള്ള തുകയുടെ 50 ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly